പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2825 **28-10-2026-ൽ മറുപടിയ്ക്ക്**

അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിദുരന്തങ്ങളും മൂലം ആഴക്കടലിലും തീരപ്രദേശങ്ങളിലും മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ അപകടത്തിൽപ്പെട്ട് മരണപ്പെടുകയോ കാണാതാവുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകി വരുന്ന ധനസഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിദുരന്തങ്ങളും മൂലം മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ അപകടത്തിൽപ്പെട്ട് മരണപ്പെടുകയോ കാണാതാവുകയോ ചെയ്യുന്ന മത്സ്യബോർഡ് അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യബോർഡ് വഴി നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ വീതം ധനസഹായമായി അനുവദിച്ചു വരുന്നു

മത്സ്യബോർഡിൽ അംഗത്വമുള്ള മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ്റ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൽ, ഗുണഭോക്താക്കളിൽ നിന്നും ഇൻഷുറൻസ് പ്രീമിയം ഒന്നും ഈടാക്കുന്നില്ല. ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം തുക പൂർണ്ണമായും അതത് വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

ഗ്രൂപ്പ് ആക്സിഡന്റ്റ് ഇൻഷുറൻസ് പദ്ധതി ഗുണഭോക്താക്കൾക്ക്/ ആശ്രിതർക്ക് നിലവിൽ **അനുബന്ധം (എ)** പ്രകാരമുള്ള ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നത്.

ഗ്രൂപ്പ് ആക്സിഡന്റ്റ് ഇൻഷുറൻസ് പദ്ധതി വ്യവസ്ഥകൾ പ്രകാരം, സ്വാഭാവിക മരണങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നതല്ല. ഈ സാഹചര്യം പരിഗണിച്ച്, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ (ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക് തുടങ്ങിയ കാരണങ്ങളാൽ) മരണപ്പെടുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപ വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്.

കടലിൽ കാണാതാകുന്ന മത്സ്യബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയാണ് ഇൻഷുറൻസ് നഷ്ടപരിഹാരമായി അനുവദിച്ചു വരുന്നത്. കടലിൽ കാണാതായി ഏഴ് വർഷത്തിന് ശേഷം മാത്രമേ

നിലവിലെ ചട്ടങ്ങൾ പ്രകാരം ഇത്തരം അപേക്ഷകൾ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ, കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തിര ആശ്വാസ ധനസഹായമായി (ഇൻഷുറൻസ് തുക ലഭിക്കുമ്പോൾ കുറവ് ചെയ്യുമെന്ന വ്യവസ്ഥയിൽ) പരമാവധി 25,000/- രൂപ വരെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ഉടൻ അനുവദിക്കാറുണ്ട്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പാക്കി വരുന്നു.

മത്സ്യഫെഡിന്റെ ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമെടുത്ത മത്സ്യത്തൊഴിലാളികൾക്ക് അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ പരിരക്ഷ നൽകുന്നതാണ്. ടി പദ്ധതിയിൽ അപകടം മൂലമുള്ള ആശുപത്രി ചെലവിനത്തിൽ 1 ലക്ഷം രൂപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും, ആംബുലൻസ് ചാർജായി 5000/- രൂപയും, കോമാ സ്റ്റേജിലായാൽ 1 ലക്ഷം രൂപയും നൽകുന്നതാണ്. കൂടാതെ മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1 ലക്ഷം രൂപ വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോത് അനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്.

ഓഖി ദുരന്തത്തിൽ മരിച്ചവർ/ കാണാതായവരുടെ മക്കൾക്ക് വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കി വരുന്നുണ്ട്. ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ/ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസം/തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചു ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയ്ക്കായുള്ള തുക ഫിഷറീസ് ഡയറക്ടറേറ്റിൽ നിന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തിരുവനന്തപുരത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്. 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ എൽ കെ ജി മുതൽ വിവിധ ബിരുദ ബിരുദാനന്തര ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണം, വിദ്യാഭ്യാസം, താമസ സൗകര്യം എന്നിവയ്ക്കുള്ള ചെലവുകൾ വഹിക്കുന്നതിനാണ് തുക അനുവദിക്കുന്നത്. മത്സ്യമേഖലയിലെ നിരാംബലരായ കുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. വിശദ വിവരങ്ങൾ **അനുബന്ധം (ബി)** ആയി ചേർക്കുന്നു.

(ബി) ഇവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി, മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കോ യോഗ്യരായ ആശ്രിതർക്കോ സർക്കാർജോലി നൽകുന്നത് സംബന്ധിച്ച് പ്രത്യേക പദ്ധതികളോ നയപരമായ തീരുമാനങ്ങളോ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

<u>മറുപടി:</u> ഓഖി ദുരന്തത്തിൽ മരണപ്പെട്ട/ കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ചു ഭക്ഷ്യ സംസ്കരണ യൂണിറ്റും വിഴിഞ്ഞം ആക്കുളത്തുള്ള ഒരു സീഫുഡ് കിച്ചൻ യൂണിറ്റും ഇതിൽ ഉൾപ്പെടുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് നിർമ്മാണ ചുമതല. വിഴിഞ്ഞം സീ ഫുഡ് റസ്റ്റോറന്റിന്റെ പ്രവർത്തന ചുമതല കേരള മത്സ്യഫെഡിനു നൽകുകയും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ഓഖി ദുരന്തത്തിൽ മരിച്ചവർ/കാണാതായവരുടെ ആശ്രിതരായ 10 വനിതകൾക്ക് സീ ഫുഡ് റസ്റ്റോറന്റിൽ ജോലി നൽകിയിട്ടുണ്ട്. ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ

യൂണിറ്റ് പ്രവർത്തന ക്ഷമമാകുന്നതോടെ ഓഖി ദുരന്തത്തിൽ മരിച്ചവർ/കാണാതായവരുടെ ആശ്രിതരായ 12 പേർക്ക് കൂടി ജോലി നൽകുന്നതാണ്.

ഓഖി ദുരന്തത്തിൽ മരിച്ചവർ/ കാണാതായവരുടെ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ 142 പേരും കാസർഗോഡ് ജില്ലയിൽ ഒരാളുമാണുള്ളത്. ഓഖി ആശ്രിതരിൽ 40 വയസിൽ താഴെ പ്രായമുള്ളവരും SSLC-യ്ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ 41 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിലും കാസർഗോഡ് ജില്ലയിലെ ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകുന്നതിന് ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ പരിഗണിച്ച 41 പേരിൽ, 2 പേർ മരിച്ചവർ / കാണാതായവരുടെ അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടവർ അല്ലാത്തതിനാലും ഇവർ തമിഴ്നാട് സർക്കാരിന്റെ ആനുകൂല്യം കൈപ്പറ്റുന്നവർ ആണെന്ന് ബോധ്യപ്പെട്ടതിനാലും ഇവരെ ഒഴിവാക്കുകയും ശേഷിക്കുന്ന 39 പേരെ നെറ്റ് ഫാക്ടറിയിലെ ജോലിക്കായി പരിഗണിക്കുകയും ചെയ്തിരുന്നു. ഇത് കൂടാതെ 13 പേരടങ്ങിയ ആശ്രിതരിൽ വിസമ്മത പത്രം നൽകിയ ഒരാളൊഴികെ 12 പേരുടെ ലിസ്റ്റ് ആരോഗ്യ വകുപ്പിൽ ജോലിയ്ക്ക് പരിഗണിക്കുന്നതിനായി സമർപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായി പരിഗണിച്ച 12 പേരിൽ നഴ്സിംഗ് വിദ്യാഭ്യാസ യോഗ്യതയുള്ള 2 പേർക്ക് ആരോഗ്യ വകുപ്പിൽ ഗ്രേഡ് II തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. മുട്ടത്തറ മത്സ്യഫെഡിൽ ജോലി നൽകിയ 39 പേരും, കണ്ണൂർ മത്സ്യഫെഡിൽ ജോലി നൽകിയ ഒരാളും ആരോഗ്യ വകുപ്പിൽ ജോലിയ്ക്ക് ശുപാർശ ചെയ്ത 12 പേരും വിസമ്മത പത്രം സമർപ്പിച്ച ഒരാളും ഉൾപ്പെടെ 53 പേരുടെ ആശ്രിതരെയാണ് ജോലിയ്ക്ക് ശുപാർശ ചെയ്തത്. ബാക്കിയുള്ള 90 പേരുടെ ആശ്രിത ലിസ്റ്റ് സർക്കാർ പരിഗണനയിലാണ്.

(സി) കടൽ അപകടങ്ങൾ മുൻകൂട്ടി അറിയുന്നതിനും ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കുടുംബങ്ങൾക്ക് അടിയന്തര സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിനും എന്തെല്ലാം സുരക്ഷാ-ക്ഷേമ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> കടൽ അപകടങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനും മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന കടൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അപകടങ്ങളിൽപ്പെടുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തര സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് വിവിധ സുരക്ഷാക്ഷേമ നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങൾ, ശക്തമായ കാറ്റ്, ഉയർന്ന തിരമാല, കടൽ ക്ഷോഭം, ചുഴലിക്കാറ്റ് തുടങ്ങിയവ സംബന്ധിച്ച മുന്നറിയിപ്പുകൾ ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (IMD), സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA), ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS) തുടങ്ങിയ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൈമാറുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഫിഷറീസ് ഡയറക്ടറേറ്റിലെ മാസ്റ്റർ കൺട്രോൾ റൂം, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നിവിടങ്ങളിലെ റീജിയണൽ കൺട്രോൾ റൂമുകളും വഴി മുന്നറിയിപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലേക്കും മത്സ്യത്തൊഴിലാളികളിലേക്കും എത്തിക്കുന്നതിന് ഈ സംവിധാനങ്ങൾ സഹായകമാകുന്നു.

കൂടാതെ കേന്ദ്ര സർക്കാരിന്റ പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (PMMSY) പദ്ധതിയുടെ ഭാഗമായി ISRO സാങ്കേതിക സഹായത്തോടെ നടപ്പാക്കുന്ന വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റം (VCSS), ട്രാൻസ്പോണ്ടർ, നഭമിത്ര (Nabhamithra) സംവിധാനങ്ങൾ വഴി മത്സ്യബന്ധന യാനങ്ങളിലേക്ക് ഉപഗ്രഹാധിഷ്ഠിത ആശയവിനിമയവും കാലാവസ്ഥ മുന്നറിയിപ്പുകളും കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രതികൂല കാലാവസ്ഥ, അന്താരാഷ്ട്ര സമുദ്രാതിർത്തി ലംഘന സാധ്യത, നിരോധിത മത്സ്യബന്ധന മേഖലകൾ എന്നിവ സംബന്ധിച്ച

മുന്നറിയിപ്പുകൾ നൽകാനും അടിയന്തര സാഹചര്യങ്ങളിൽ ആശയവിനിമയം സാധ്യമാക്കാനും ഈ സംവിധാനം സഹായകമാകുന്നു.

കടൽ അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ തിരച്ചിൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫിഷറിസ് സ്റ്റേഷനുകളിലൂടെയും കൺട്രോൾ റൂമുകളിലൂടെയും നടപടികൾ രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കുന്നതിനും സുരക്ഷാ സംവിധാനങ്ങങ്ങൾ ആധുനികവത്ക്കരിക്കുന്നതിനുമുള്ള നടപടികളും പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം എ

ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി ഗുണഭോക്താക്കൾക്ക് / ആശ്രിതർക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ

ക്രമ നമ്പർ	പദ്ധതി	ധനസഹായ തുക
a.	അപകടമരണം	10 ലക്ഷം രൂപ
b.	മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ	10 ലക്ഷം രൂപ
c.	സ്ഥിരവും പൂർണ്ണവുമായ അവശത	10 ലക്ഷം രൂപ
d.	സ്ഥിരവും ഭാഗീകവുമായ അവശത	5 ലക്ഷം രൂപ
e.	അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം	10,000 രൂപ വീതം ഒരാൾക്ക് പരമാവധി 20,000/- രൂപ
f.	അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടിവരുന്നവർക്ക് ധനസഹായം	50,000 (പരമാവധി)
g.	ശവസംസ്കാര ചെലവ്	2,500 രൂപ

അനുബന്ധം ബി

ഓഖി ദുരന്തത്തിൽ മരിച്ചവർ / കാണാതായവരുടെ മക്കൾക്ക് വിദ്യാഭ്യാസ പാക്കേജ് പ്രകാരം അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ

ക്രമ നമ്പർ	വർഷം	തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	സഹായം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം
1.	2018–19	56.95	53.75	156
2.	2019–20	65	55.1	152
3.	2020–21	60	45	131
4.	2021–22	50	40.4	117
5.	2022–23	50	34.18	107
6.	2023–24	50	36.55	117
7.	2024–25	40	26.87	87
8.	2025–26	35	27.11	81
	ആകെ	**406.95**	**318.96**	